ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 19.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). പാർലമെന്റിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

Session in progress in both the houses of Parliament.

2). തലശ്ശേരി മണോളികാവ് ക്ഷേത്രോത്സവ സംഘർഷവുമായി ബന്ധപ്പെട്ട ഉപക്ഷേപ നോട്ടീസ് തള്ളിയതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്.

Opposition walks out in Kerala Assembly over denial of permission for the adjournment notice on Manolikavu temple incident.

3). സിനിമകളിൽ ലഹരി ഉപയോഗവും അക്രമവാസനയും പ്രോത്സാഹിപ്പിക്കുന്ന രംഗങ്ങൾ തടയുന്ന കാര്യം കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് മന്ത്രി സജി ചെറിയാൻ.

Importance of preventing the promotion of drug use and violence in Cinema will be brought to the attention of the Union Ministry of Information and Broadcasting, says Kerala Minister Saji Cheriyan.

4) ഒൻപത് മാസത്തെ ബഹിരാകാശവാസത്തിന് ശേഷം മടങ്ങിയെത്തിയ സുനിത വില്യംസിനെയും ബുച്ച് വിൽമോറിനെയും അഭിനന്ദിച്ച് രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ.

Prominent leaders, including the President Droupadi Murmu and Prime Minister Narendra Modi, congratulated Sunita Williams and Butch Wilmore on their return to Earth after being stuck for 9 months in space.

5). സി.ആർ.പി.എഫ് ദിനത്തിൽ സേനാംഗങ്ങൾക്ക് ആശംസകൾ നേർന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

Union Home Minister Amit Shah today extended his greetings to Central Reserve Police Force (CRPF) personnel on CRPF Day 2025.

6). ഖേലോ ഇന്ത്യ പാരാ ഗെയിംസിന് ന്യൂഡൽഹിയിൽ നാളെ തുടക്കം.

**Khelo India Para Games will begin tomorrow in New Delhi.**

==========================================================

**HEALTH DISCUSSION**

പാർലമെൻറിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൻറെ പ്രവർത്തനത്തെക്കുറിച്ചുള്ള ചർച്ച രാജ്യസഭയിൽ ഇന്നും തുടരും. കേന്ദ്രമന്ത്രി ജെ പി നഡ്ഡ ചർച്ചയ്ക്ക് മറുപടി നൽകും. ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാടിൻറെ പുനരധിവാസത്തിന് എത്രയും വേഗം കേന്ദ്രസഹായം ലഭ്യമാക്കണമെന്ന് CPI( M) എം.പി ജോൺ ബ്രിട്ടാസ് രാജ്യസഭയിൽ ആവശ്യപ്പെട്ടു. ദുരന്തമുണ്ടായി എട്ടു മാസം കഴിഞ്ഞിട്ടും കേന്ദ്രത്തിൽ നിന്നും അനുഭാവപൂർവ്വമായ നടപടിക്കായി കേരളം കാത്തിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. നോക്കുകൂലിയുമായി ബന്ധപ്പെട്ട് ധനമന്ത്രി നിർമല സീതാരാമൻ ഇന്നലെ സഭയിൽ നടത്തിയ പരാമർശങ്ങളെയും അദ്ദേഹം വിമർശിച്ചു.

==========================================================

**DMK – PROTEST**

ലോക്സഭാ, നിയമസഭാ മണ്ഡലങ്ങളുടെ പുനർ നിർണ്ണയ വിഷയത്തിൽ ഡിഎംകെ കോൺഗ്രസ്, ഇടത് അംഗങ്ങൾ ഇന്ന് പാർലമെൻറിന് പുറത്ത് പ്രതിഷേധിച്ചു. ജനസംഖ്യാടിസ്ഥാനത്തിൽ പുനർ നിർണ്ണയം നടത്തിയാൽ പാർലമെൻറിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ പ്രാതിനിധ്യം കുറയാൻ സാധ്യതയുണ്ടെന്ന് മുതിർന്ന ഡിഎംകെ നേതാവ് തിരുച്ചി ശിവ പറഞ്ഞു. തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളുടെ താൽപ്പര്യങ്ങൾ കൂടി കണക്കിലെടുത്ത് വേണം ഇത് നടപ്പാക്കേണ്ടതെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

==========================================================

**KERALA ASSEMBLY – WALKOUT**

കണ്ണൂർ തലശ്ശേരി മണോളികാവ് ക്ഷേത്രോത്സവത്തോടനു ബന്ധിച്ച് ഉണ്ടായ സംഘർഷം സംബന്ധിച്ച ഉപക്ഷേപ നോട്ടീസ് തള്ളിയ സ്പീക്കറുടെ നടപടിയിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. ക്ഷേത്രോത്സവത്തോടനുബന്ധിച്ച് ഉണ്ടായ സംഘർഷത്തിൽ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിക്കുകയും, അറസ്റ്റ് ചെയ്ത പ്രതിയെ അനധികൃതമായി മോചിപ്പിക്കുകയും ചെയ്തെന്ന് ചൂണ്ടിക്കാട്ടി പ്രതിപക്ഷത്ത് നിന്ന് സണ്ണി ജോസഫ് ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. എന്നാൽ, വിഷയം പൊതു പ്രാധാന്യമർഹിക്കാത്തതും അടിയന്തര സ്വഭാവമില്ലാത്തതും ആയതിനാൽ നോട്ടീസ് അനുവദിക്കാൻ കഴിയില്ലെന്ന് സ്പീക്കർ അറിയിക്കുകയായിരുന്നു. വിഷയം സബ്മിഷനായി ഉന്നയിക്കാമെന്നും സ്പീക്കർ നിർദ്ദേശിച്ചു. പോലീസിൻറെ ആത്മവീര്യം തകർക്കുന്ന സംഭവമാണ് മണോളിക്കാവിൽ ഉണ്ടായതെന്നും, സർക്കാരിന് അപ്രിയമായ കാര്യങ്ങൾ സഭയിൽ കൊണ്ട് വരുന്നത് സമ്മതിക്കില്ല എന്ന് പറയുന്നത് ശരിയായ നടപടിയല്ലെന്നും പ്രതിപക്ഷനേതാവ് വി ഡി സതീശൻ പറഞ്ഞു. ഇത് കീഴ് വഴക്കങ്ങളുടെ ലംഘനമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

==========================================================

**SAJI CHERIYAN – (INTRO)**

സിനിമകളിൽ ലഹരി ഉപയോഗവും അക്രമവാസനയും പ്രോത്സാഹിപ്പിക്കുന്ന രംഗങ്ങൾ തടയുന്ന കാര്യം കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെയും സെൻസർ ബോർഡിന്റെയും ശ്രദ്ധയിൽപ്പെടുത്തുമെന്ന് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ. OTT യിൽ പ്രദർശിപ്പിക്കുന്ന സിനിമകൾക്ക് സെൻസറിങ് ഏർപ്പെടുത്തുന്ന ആവശ്യവും സംസ്ഥാനം മുന്നോട്ട് വക്കുമെന്ന് അദ്ദേഹം നിയമസഭയിൽ

ചോദ്യോത്തരവേളയിൽ പറഞ്ഞു. സിനിമയുടെ ഉള്ളട ക്കത്തിൽ ഇടപെടാൻ സംസ്ഥാന സർക്കാരിന് പരിമിതിയുണ്ട്. ലഹരി ഉപയോഗവും അക്രമ വാസനയും പ്രോത്സാഹിപ്പിക്കുന്ന രംഗങ്ങൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ സിനിമാ പ്രവർത്തകർ തത്വത്തിൽ അംഗീകരിച്ചതായും മന്ത്രി വ്യക്തമാക്കി.

**(ഹോൾഡ്...............)**

യുവാക്കൾക്കിടയിൽ ആത്മഹത്യാ പ്രവണത വർധിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചു വരുന്നതായും അദ്ദേഹം പറഞ്ഞു.

==================================================

## ASTRONAUTS – REHABILITAION

ഒൻപത് മാസം ബഹിരാകാശത്ത് ചെലവഴിച്ച ശേഷം തിരികെയെത്തിയ നാസ ബഹിരാകാശയാത്രികർ സുനിത വില്യംസിനും ബുച്ച് വിൽമോറിനും 45 ദിവസത്തെ പുനരധിവാസ പരിപാടി ആരംഭിച്ചു. ഭൂമിയുടെ ഗുരുത്വാകർഷണവുമായി പൊരുത്തപ്പെടാൻ സഹായിക്കുകയും ശാരീരിക ആരോഗ്യം പുനഃസ്ഥാപിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. ദീർഘകാലം നീണ്ട ബഹിരാകാശ വാസം പേശികൾക്കും, അസ്ഥികൾക്കുമടക്കം നിരവധി ആരോഗ്യ വെല്ലുവിളികൾ സൃഷ്ടിക്കാനിടയുണ്ട്. സ്പേസ് എക്സ് ക്രൂ ഡ്രാഗൺ ക്രാഫ്റ്റിൽ 17 മണിക്കൂർ യാത്രയ്ക്കൊടുവിലാണ്, ഇന്ത്യൻ സമയം ഇന്ന് പുലർച്ചെ 3.27-ഓടെ ഇവർ ഭൂമിയിലെത്തിയത്. നാല് യാത്രികരുമായി മെക്സിക്കോ ഉൾക്കടലിലാണ് പേടകം വന്നിറങ്ങിയത്. കഴിഞ്ഞ ജൂണിൽ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ സുനിത വില്യംസും, ബുച്ച് വിൽമോറും പേടകത്തിൻറെ സാങ്കേതിക തകരാർ മൂലം ഇവിടെ കുടുങ്ങുകയായിരുന്നു.

==================================================

**RAJNATH CREW-9**

ബഹിരാകാശ യാത്രികരുടെ സുരക്ഷിതമായ മടങ്ങിവരവിൽ നാസയെ അഭിനന്ദിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ഇന്ത്യയുടെ പുത്രിയായ സുനിതാ വില്യംസിൻറെയും, മറ്റ് യാത്രികരുടെയും ധൈര്യവും, ആത്മസമർപ്പണവും ഏവർക്കും പ്രചോദനം പകരുന്നതായി രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. ക്രൂ-9 യാത്രികരുടെ മടങ്ങിവരവിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനം നേരുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ബഹിരാകാശ യാത്രികരുടെ അചഞ്ചലമായ നിശ്ചയദാർഢ്യം ദശലക്ഷക്കണക്കിന് ജനങ്ങളെ പ്രചോദിപ്പിക്കുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. പാർലമെൻറും, കേരളാ നിയമസഭയും ഇന്ന് ക്രൂ-9 ബഹിരാകാശ യാത്രികർക്ക് അഭിനന്ദനം രേഖപ്പെടുത്തി.

==================================================

**ബ്രേക്ക്.........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

==================================================

**KIRTI VARDHAN SINGH - (INTRO)**

നെറ്റ്-സീറോ കാർബൺ ബഹിർഗമന ലക്ഷ്യം 2070- ഓടെ കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് രാജ്യം പ്രവർത്തിക്കുന്നതെന്ന് വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ്. ഇന്ത്യയുടെ കാലാവസ്ഥാ സംരംഭങ്ങളെ കുറിച്ച് റെയ്സിന സംഭാഷണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2030 ആകുമ്പോഴേക്കും രാജ്യത്തിന്റെ മൊത്തം ഊർജ്ജ ശേഷിയുടെ 50 ശതമാനം പുനരുപയോഗ ഊർജ്ജത്തിൽ നിന്ന് കൈവരിക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

**(VOICE...........)**

==================================================

**SHASHI THAROOR - RAISINA**

റഷ്യ-യുക്രൈൻ യുദ്ധത്തിൽ ഇന്ത്യയുടെ നിലപാടിനെ എതിർത്തത് തെറ്റായിരുന്നെന്ന് അംഗീകരിച്ച് കോൺഗ്രസ് നേതാവ് ശശി തരൂർ. ഇന്നലെ ന്യൂഡൽഹിയിൽ റായ്സിന സംഭാഷണത്തിലാണ് അദ്ദേഹം നിലപാട് വ്യക്തമാക്കിയത്. റഷ്യയും യുക്രൈനും ഒരുപോലെ അംഗീകരിക്കുന്ന പ്രധാനമന്ത്രിയാണ് ഇന്ത്യക്കുള്ളതെന്ന് വ്യക്തമാക്കുന്ന നയമാണ് രാജ്യം സ്വീകരിച്ചതെന്നും കോൺഗ്രസ് എംപി പറഞ്ഞു. 2022 ൽ ഇന്ത്യയുടെ നിഷ്പക്ഷ നിലപാടിനെ വിമർശിച്ച തരൂർ, റഷ്യൻ ആക്രമണത്തെ അപലപിക്കണമെന്നും ആഹ്വാനം ചെയ്തിരുന്നു.

==================================================

**SHAH-CRPF DAY**

സി.ആർ.പി.എഫ് ദിനത്തിൽ സെൻട്രൽ റിസർവ് പോലീസ് സേനാംഗങ്ങൾക്ക് ആശംസകൾ നേർന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. സേനയുടെ വീര്യവും, ത്യാഗമനോഭാവവും തലമുറകൾക്ക് പ്രചോദനമാണെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച സി.ആർ.പി.എഫ് അംഗങ്ങൾക്ക് കേന്ദ്രമന്ത്രി അഭിവാദ്യമർപ്പിച്ചു.

==================================================

**BIHAR- ED LALU**

ജോലിയ്ക്ക് പകരം ഭൂമി തട്ടിപ്പ് കേസിൽ ആർ.ജെ.ഡി പ്രസിഡന്റും മുൻ ബിഹാർ മുഖ്യമന്ത്രിയുമായ ലാലു പ്രസാദിനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്യുന്നു. മകളും ലോക്സഭാ അംഗവുമായ മിസ ഭാരതിക്കൊപ്പമാണ് ലാലു പ്രസാദ് ഇന്ന് രാവിലെ പട്നയിലെ ഇഡി ഓഫീസിലെത്തിയത്.

==================================================

**REV. NAGPUR – DM – REVIEW**

സംഘർഷാവസ്ഥ തുടരുന്ന മഹാരാഷ്ട്രയിലെ ഖുൽദാബാദിലെ സുരക്ഷാ ക്രമീകരണങ്ങൾ ഛത്രപതി സംഭാജിനഗർ ജില്ലാ മജിസ്ട്രേറ്റ് അവലോകനം ചെയ്തു. ജില്ലയിൽ ക്രമസമാധാനം ഉറപ്പാക്കാൻ ഭരണകൂടവുമായി സഹകരിക്കണമെന്നും, കിംവദന്തികൾ വിശ്വസിക്കരുതെന്നും അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു.

==========================================================

**KHELO INDIA PARA GAMES– LAUNCH**

ഖേലോ ഇന്ത്യ പാരാ ഗെയിംസിന്, ന്യൂഡൽഹിയിൽ നാളെ തുടക്കം. ഈ മാസം 27 വരെ നീളുന്ന ഗെയിംസിൻറെ ഗാനം, ഭാഗ്യചിഹ്നം, ലോഗോ എന്നിവ കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യയുടെ സാന്നിധ്യത്തിൽ ഇന്നലെ പ്രകാശനം ചെയ്തു. ആറ് ഇനങ്ങളിലായി ആയിരത്തി മുന്നൂറിലധികം പാരാ അത്‌ലറ്റുകൾ ഗെയിംസിൽ മാറ്റുരയ്ക്കും.

==========================================================

**FOOTBALL INDIA MALDIVES**

ഫുട്ബോളിൽ, ഇന്ത്യ ഷില്ലോങ്ങിൽ ഇന്ന് നടക്കുന്ന അന്താരാഷ്ട്ര സൗഹൃദ മത്സരത്തിൽ മാലിദ്വീപിനെ നേരിടും. അന്താരാഷ്ട്ര ഫുട്ബോളിലേക്കുള്ള തിരിച്ചുവരവ് പ്രഖ്യാപിച്ചതിന് ശേഷമുള്ള ഇന്ത്യയുടെ എക്കാലത്തെയും മികച്ച സ്കോറർ സുനിൽ ഛേത്രിയുടെ ആദ്യ മത്സരം കൂടിയാണിത്.

==========================================================

**ISRAELI**

ഗാസ മുനമ്പിൽ ഹമാസിനെതിരെ ആക്രമണം പുനരാരംഭിച്ചതായി ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു. 400-ലേറെ പാലസ്തീനികൾ ഇസ്രയേൽ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടതിന് പിന്നാലെയാണ് നെതന്യാഹുവിന്റെ പ്രതികരണം.

==========================================================

**TRUMP–PUTIN**

യുക്രൈനിൽ ഭാഗികമായ വെടിനിർത്തലിന് സമ്മതിച്ച് റഷ്യ. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുതിനും തമ്മിൽ ഫോണിലൂടെ നടത്തിയ ചർച്ചയെ തുടർന്നാണ് തീരുമാനം. ഊർജ്ജ നിലയങ്ങൾക്കെതിരെയുള്ള ആക്രമണങ്ങൾ താത്കാലികമായി നിർത്തുമെന്നും റഷ്യ അറിയിച്ചു. പൂർണമായ വെടിനിർത്തൽ സംബന്ധിച്ചുള്ള ചർച്ച അധികം വൈകാതെ ആരംഭിക്കാനും ധാരണയായിട്ടുണ്ട്.

==================================================

**SWISS OPEN BADMINTON**

സ്വിസ് ഓപ്പൺ ബാഡ്മിൻറൺ വനിതാ ഡബിൾസിൽ, ഇന്ത്യയുടെ ട്രീസ ജോളി- ഗായത്രി ഗോപിചന്ദ് സഖ്യം രണ്ടാം റൗണ്ടിൽ കടന്നു. ആദ്യ റൗണ്ടിൽ സ്വിസ്-നെതർലൻഡ്സ് സഖ്യത്തെയാണ് ഇവർ പരാജയപ്പെടുത്തിയത്.
നാളെ പ്രീ-ക്വാർട്ടറിൽ സെലിൻ ഹബ്ഷ്-അമേലി ലെഹ്മാൻ, ജർമ്മൻ സഖ്യത്തെയാണ് ഇരുവരും നേരിടുക. ഒളിമ്പിക് മെഡൽ ജേതാവ് പി.വി. സിന്ധു ഇന്ന് വനിതാ സിംഗിൾസ് ആദ്യ റൗണ്ടിൽ ഡെൻമാർക്കിന്റെ ജൂലി ഡാവൽ ജാക്കോബ്സണെ നേരിടും. പുരുഷ സിംഗിൾസിൽ, ഇന്ത്യയുടെ കിഡംബി ശ്രീകാന്ത് ഇന്ന് ഇന്ത്യയുടെ എച്ച്.എസ്.പ്രണോയിയെ നേരിടും. ഇന്ത്യയിലെ മുൻനിര ഷട്ട്ലർമാരായ പ്രിയാൻഷു രജാവത്, കിരൺ ജോർജ്, അക്ഷിത് ഷെട്ടി, ശങ്കർ സുബ്രഹ്മണ്യൻ എന്നിവരും ആദ്യ റൗണ്ടിൽ ഇന്ന് മത്സരിക്കും.

==========================

======================================

=======================================================